വികസന വകുപ്പ്, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമവികസന വകുപ്പ്, വനംവകുപ്പ്, ഭവന നിർമ്മാണ ബോർഡ് എന്നീ ഏജൻസികൾ സംപൂർണ്ണ ഭവന നിർമ്മാണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. കൂടാതെ 2000-2001, 2001-2002 എന്നീ വർഷങ്ങളിൽ കേരളാ സ്റ്റേറ്റ് വൈദ്യുതി ബോർഡിന്റെ ആഭിമുഖ്യത്തിൽ കോളനി വൈദ്യുതീകരണം, കെൽട്രാൺ, അനർട്ട് ഇവയുടെ ആഭിമുഖ്യത്തിൽ സൗരോർജ്ജ വിളക്കുകൾ നൽകൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സമ്പൂർണ്ണ ശുചിത്വ പദ്ധതി, സമ്പൂർണ്ണ കുടിവെള്ള പദ്ധതി, സമഗ്രകോളനി വൈദ്യുതീകരണ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനും സർക്കാർ ആലോചിച്ചുവരുന്നു.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് ഫണ്ട്

7(910) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായക്ഷേമ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് ഏതെങ്കിലും ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കോടി രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പിന്നോക്കസമുദായാംഗങ്ങളായ വിദ്യാർത്ഥികളുടെ പഠനത്തിനു വേണ്ടി അനുവദിച്ച ഫണ്ടിൽ നിന്ന് എത്രകോടി രൂപ ചെലവഴിച്ചുഎന്ന് വ്യക്തമാക്കാമോ ; ഈ ഫണ്ട് ലാപ്സായി പോകാതെ പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 100% കേന്ദ്ര സഹായത്തോടെ പോസ്റ്റ് മെട്രിക് തലത്തിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തിന് ഇതിനായി കേന്ദ്രം ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ല.

(ബി) സംസ്ഥാന ഗവൺമെന്റ് ഫണ്ടിൽനിന്ന് പിന്നോക്ക സമുദായാംഗങ്ങളായ വിദ്യാർത്ഥികൾക്കും ഒ.ഇ.സിക്കും കൂടി പഠനത്തിന് വേണ്ടി അനുവദിച്ച/ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക കേന്ദ്ര ഗവൺമെന്റ് ഇതിനായി നൽകിയിട്ടുള്ള പദ്ധതി അംഗീകരിച്ചാൽ മാത്രമേ ചെലവഴിക്കാൻ കഴിയുകയുള്ളൂ.

പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ സാധനസാമഗ്രികൾ പർച്ചേസ് ചെയ്യുന്ന സമ്പ്രദായം

8(911) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
2.	സംസ്ഥാനാവിഷ്കൃത പദ്ധതികൾ	ഇല്ല.	0.83
	3. ആകസ്മിക ചെലവുകൾക്കുള്ള പ്രത്യേകനിധി	ഇല്ല.	0.27
15.	പൊതുമരാമത്ത്		
	1. കെട്ടിട നിർമ്മാണം	2.02	ഇല്ല.
	2. റോഡ് നിർമ്മാണം	ഇല്ല.	0.92
16.	കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ വിവിധപദ്ധതികൾ	2.53	0.07
17.	കിർത്താഡ്സിന്റെ വിവിധ പദ്ധതികൾ	ഇല്ല.	0.18
18.	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ	80.60	12.11
	ആകെ	101.71	21.7016

അനുബന്ധം IV

[29-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7(910) ദയവായി കാണുക]

	1999-2000 ൽ നീക്കിവെച്ച തുക (രൂപ)	2000 ജനുവരി- 31 വരെ ചെലവഴിച്ച തുക (രൂപ)
പ്രീമെട്രിക് സ്കോളർഷിപ്പ്- 2 ലക്ഷം (പ്ലാൻ)		1.98 ലക്ഷം
പ്രീമെട്രിക് സ്കോളർഷിപ്പ്- 242 ലക്ഷം (നോൺ പ്ലാൻ)		218.45 ലക്ഷം
പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്- 8 ലക്ഷം (പ്ലാൻ)		7.99 ലക്ഷം
പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്-865 ലക്ഷം (നോൺ പ്ലാൻ)		906.08 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly